# ഒഴിവാക്കാവുന്ന ദുരന്തങ്ങൾ

**ഇക്കഴിഞ്ഞ** ഫെബ്രുവരി 19-നും 20-നുമായി രണ്ടു മഹാ ദുരന്തങ്ങളാണ് നമുക്ക് നേരിടേണ്ടിവന്നത്. 19-ന് രാത്രി ദൽഹിയിൽനിന്നും പുറപ്പെട്ട സംഝോത എക്സ്പ്രസ് ഹരിയാനയിലെ പാനിപ്പത്തിലെത്തിയപ്പോൾ സ്ഫോടനമുണ്ടായി തീപിടിക്കുകയായിരുന്നു. 68 ജീവിതങ്ങൾ നിമിഷങ്ങൾക്കകം കത്തിയെരിഞ്ഞു. അനേകം പേർ ആശുപത്രിയിൽ മരണവുമായി മല്ലടിക്കുകയാണ്. ഇന്ത്യക്കും പാകിസ്താനുമിടയിലെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും കൂരിരുട്ട് വകഞ്ഞുമാറ്റി സൗഹൃദത്തിന്റെ വെളിച്ചം പരത്തി പരസ്പര ധാരണയുടെ കണ്ണിയായി സർവീസ് നടത്തുന്ന തീവണ്ടിയാണ് സംഝോത. അത് ആകസ്മികമായി ഒരപകടത്തിൽപെട്ടുപോകുന്നതുപോലും അത്യന്തം ഖേദകരമാണ്. ആസൂത്രിതമായ ആക്രമണത്തിനിരയാകുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങളുളവാക്കുന്നതും. മരിച്ചവരാരായാലും മനുഷ്യരാണ്. നമ്മുടെ സഹോദരന്മാരാണ്. അവരിലേറെയും പാകിസ്താനികളാണെന്നാണ് റിപ്പോർട്ട്. എങ്കിൽ അവർ നമ്മുടെ വിരുന്നുകാർ കൂടിയാണ്. വിരുന്നുകാരുടെ ജീവൻ സംരക്ഷിക്കുന്നതിലുണ്ടായ പരാജയം ഒരു രാഷ്ട്രമെന്ന നിലയിലുള്ള നമ്മുടെ യശസ്സിനേൽക്കുന്ന കളങ്കമാണ്.

കേരളത്തിന്റെ കരളലിയിക്കുന്നതായിരുന്നു 20-ന് നടന്ന തട്ടേക്കാട് ബോട്ടപകടം. നിരവധി മാതാപിതാക്കളുടെ പൊൻവിളക്കുകളായി, ഉടലാർന്ന സ്വപ്നങ്ങളും പ്രതീക്ഷകളുമായി പരിലസിച്ചിരുന്ന പതിനഞ്ച് കുരുന്നുകളുടെയും ഏതാനും കുടുംബങ്ങളുടെ നേടുംതൂണുകളായ മൂന്ന് അധ്യാപികമാരുടെയും ജീവിതങ്ങളാണ് ഭൂതത്താൻകെട്ടിലെ കയത്തിൽ പൊലിഞ്ഞുപോയത്. അങ്കമാലി എളയൂർ പുളിയനം സെന്റ് ആന്റണീസ് യു.പി സ്കൂളിൽനിന്ന് വിനോദയാത്ര പോയ 106 വിദ്യാർഥികളും 12 അധ്യാപകരുമടങ്ങിയ സംഘത്തിൽപെട്ടവരാണ് അപകടത്തിനിരയായത്.

ദുരന്തങ്ങൾ സംഭവിച്ചുകഴിഞ്ഞാൽ പിന്നെ വിധിയെന്ന് സമാധാനിക്കുകയേ നിർവാഹമുള്ളൂ. ഓരോ ദുരന്തവും ഭാവിയിൽ അതാവർത്തിക്കാതിരിക്കാനുള്ള ചില പാഠങ്ങൾ നമുക്കുനൽകുന്നുണ്ടെന്ന കാര്യം അപ്പോഴും മറന്നുകൂടാ. ആ പാഠങ്ങൾ അവഗണിക്കപ്പെടുന്നത് കൂടുതൽ വലിയ ദുരന്തങ്ങളെ വിളിച്ചുവരുത്തലായിത്തീരും. ഈയർഥത്തിൽ ഇപ്പോൾ നടന്ന രണ്ടു ദുരന്തങ്ങളും മനുഷ്യനിർമിതമായിരുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. മൃഗീയമായ ഭീകരത സമർഥമായി ആസൂത്രണം ചെയ്തു സൃഷ്ടിച്ചതാണ് തീവണ്ടി സ്ഫോടനം. ഇതുപോലുള്ള സ്ഫോടനങ്ങളും കൂട്ടക്കുരുതികളും പലവട്ടം നമ്മൾ അനുഭവിച്ചു കഴിഞ്ഞതാണ്. തെളിഞ്ഞുവരുന്ന ഇന്ത്യ-പാക് ബന്ധത്തിൽ ഇരുട്ടുപരത്തുകയാണ് സംഝോത സ്ഫോടനത്തിന്റെ ലക്ഷ്യമെന്ന് വ്യക്തമാണ്. ഉഭയകക്ഷി സംഭാഷണത്തിന് ദൽഹിയിൽ ഒരുക്കം നടക്കുന്നതിനിടയിലാണത് അരങ്ങേറുന്നത്. ഇറാനിൽനിന്ന് പാകിസ്താൻ വഴി ഇന്ത്യയിലേക്കുള്ള ഗ്യാസ് പൈപ്പ്ലൈൻ ഉൾപ്പെടെ സുപ്രധാനമായ പല വിഷയങ്ങളും ചർച്ച ചെയ്യാനുദ്ദേശിച്ചുള്ളതാണ് ഈ സംഭാഷണം. ഇന്ത്യാ-പാക് ബന്ധം മെച്ചപ്പെടരുതെന്നാഗ്രഹിക്കുന്ന ചിലർ ഇന്ത്യയിലും പാകിസ്താനിലുമുണ്ട്. ചില വൈദേശിക ശക്തികളുടെ പിന്തുണയുമുണ്ടവർക്ക്. ഇന്ത്യാ-പാക്-ഇറാൻ പൈപ്പ്ലൈൻ പദ്ധതിയോട് അമേരിക്ക കടുത്ത എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഇന്ത്യാ-പാക് ബന്ധത്തെ കലുഷമാക്കുന്ന ഭീകരാക്രമണങ്ങൾക്കുള്ള സാധ്യതയെക്കുറിച്ച് നമ്മുടെ സുരക്ഷാ സംവിധാനം കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിരുന്നു. സംഝോത എക്സ്പ്രസ് ഭീകരരുടെ ലക്ഷ്യമാകാനുള്ള സാധ്യതയെക്കുറിച്ച് ഇന്റലിജൻസ് വൃത്തങ്ങൾ നേരത്തേ മുന്നറിയിപ്പു നൽകിയിരുന്നതായും പറയപ്പെടുന്നു. എന്നിട്ടും ദൽഹിപോലെ അതീവ സുരക്ഷയുള്ള മേഖലയിൽനിന്ന് സകലവിധ സൂക്ഷ്മ പരിശോധനകൾക്കും വിധേയരായ യാത്രക്കാരെ മാത്രം വഹിച്ച് പുറപ്പെട്ട വണ്ടിയിൽ ഇന്ത്യനതിർത്തി കടക്കുംമുമ്പ് പൊട്ടിത്തെറിക്കാൻ പാകത്തിൽ ബോംബുകളും കത്തിപ്പടരാൻ ഇന്ധനപാത്രങ്ങളും സ്ഥാപിക്കാൻ കഴിഞ്ഞത് ഭീകരരുടെ സാമർഥ്യം കൊണ്ടുമാത്രമല്ല; ഉത്തരവാദപ്പെട്ടവരുടെ പിടിപ്പുകേടുകൊണ്ടുകൂടിയാണ്.

ദുരന്തങ്ങളിൽനിന്ന് പാഠം പഠിക്കാനുള്ള നമ്മുടെ വൈമുഖ്യം തട്ടേക്കാട് ദുരന്തത്തിനു പിന്നിലും തെളിഞ്ഞു കാണാവുന്നതാണ്. 29 പേരുടെ ദാരുണമരണത്തിനിടയാക്കിയ കുമരകം ബോട്ടപകടം നടന്നിട്ട് 5 വർഷമാകുന്നതേയുള്ളൂ. ബോട്ടിന്റെ കാലപ്പഴക്കവും അനുവദനീയമായതിന്റെ ഇരട്ടിയിലേറെ യാത്രക്കാരെ കയറ്റിയതുമായിരുന്നു അപകടത്തിനു കാരണം. ഇതുതന്നെയാണ് വിദ്യാർഥികളെയും കൊണ്ട് ഭൂതത്താൻകെട്ടിൽ മുങ്ങിയ ബോട്ടിന്റെയും അവസ്ഥ. അറ്റകുറ്റപ്പണികൾക്കുവേണ്ടി നിർത്തിയിട്ട ബോട്ട് ലൈസൻസില്ലാതെ സർവീസിനിറങ്ങുകയായിരുന്നുവത്രെ. അനുവദനീയമായതിന്റെ ഇരട്ടിയിലധികം കുട്ടികളെ കയറ്റിക്കൊണ്ട് നിയമാനുസൃത സന്ദർശനസമയത്തിനു ശേഷം പക്ഷിസങ്കേതത്തിൽ സഞ്ചരിക്കാനനുവാദം നൽകിയ നടപടി ദുരന്തത്തിന്റെ ആഴം വർധിപ്പിച്ചതായും പറയപ്പെടുന്നു.

മനഃപൂർവമായിട്ടാലും അല്ലാതെയായാലും മനുഷ്യൻ വരുത്തുന്ന ദുരന്തങ്ങൾ മനുഷ്യനു തടയാൻ കഴിയും; കഴിയണം. അതിനാണ് നിയമങ്ങളും വ്യവസ്ഥകളും ആവിഷ്കരിക്കുന്നതും അവ നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ടവരെ നിയമിക്കുന്നതും. പക്ഷേ, നിയമങ്ങൾ ഏട്ടിലുറങ്ങുകയും ഉദ്യോഗസ്ഥന്മാർ ആ ഉറക്കത്തിന്റെ കാവൽക്കാരാവുകയും ചെയ്യുമ്പോൾ എല്ലാം കേവലം പ്രഹസനമാവുകയാണ്. അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ മാത്രം എല്ലാവരും നിയമങ്ങളുടെ അപര്യാപ്തതയെക്കുറിച്ചും നിയമപാലകരുടെ അലംഭാവത്തെക്കുറിച്ചും അലമുറയിടുന്നു. അവസരം വരുമ്പോൾ ഈ അലമുറ കൂട്ടിയവർ തന്നെ സുരക്ഷാ വ്യവസ്ഥകൾ ലംഘിക്കുന്നു, ലംഘിക്കാൻ വേണ്ടി ഉത്തരവാദപ്പെട്ടവരെ പ്രീണിപ്പിക്കുന്നു. മഹാദുരന്തങ്ങളിലൂടെ, കൂട്ടമരണങ്ങളിലൂടെ നാം ഇടക്കിടെ അതിന് കനത്ത വിലയൊടുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ■